പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3746

25.06.2013-ൽ മറുപടിയ്ക്ക്

തേനീച്ച വളർത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) തേനീച്ച വളർത്തൽ വ്യവസായ വികസനത്തിനായി ഖാദി ഗ്രാമ വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | (എ) സംസ്ഥാന സർക്കാരിന്റെ ധന സഹായത്തോടെ തേനീച്ച വളർത്തൽ വ്യവസായ വികസനത്തിനായി തേനീച്ച കർഷകർക്ക് പരിശീലനം നൽകുകയും സബ്സിഡി നിരക്കിൽ തേനീച്ചപ്പെട്ടികൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (ബി) കർഷകർക്ക് ശാസ്ത്രീയമായി തേനീച്ച വളർത്തുന്നതിനും തേൻ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) കണ്ണൂർ ജില്ലയിലെ കൊട്ടിയൂരിൽ വച്ച് 2013 ആഗസ്റ്റ്/സെപ്റ്റംബർ മാസത്തിൽ രണ്ട് ദിവസത്തെ തേനീച്ച വളർത്തൽ ശില്പശാല സംഘടിപ്പിക്കുന്നുണ്ട്. വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന 100 തേനീച്ച കർഷകർക്ക് പരിശീലനം നൽകുന്നതോടൊപ്പം കാർഷിക സർവ്വകലാശാല/റബ്ബർ ബോർഡ്, ഖാദി ഗ്രാമവ്യവസായ കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലയും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ